സൻസു കൊടുത്തിട്ടുള്ളതു്. അടക്കംകൊല്ലിവല ഉപയോഗിക്കുന്നില്ല. കൈക്കോൽകൊണ്ടു വെള്ളത്തിലടിച്ചു് ഒച്ചയുണ്ടാക്കാതേയും, അഴിമുഖംവിട്ടും മറ്റുമുണ്ടാക്കാതെ അടുത്തു പോകാതെ നിശ്ചിതമായ അകലത്തിലും മാത്രമേ ടി വല ഉപയോഗിക്കുവാൻ പാടുള്ളു എന്ന വ്യവസ്ഥചെയ്തു.

ബി) ടി ഹർജിയുടെ പകർപ്പും അതിന്മേലുണ്ടായിട്ടുള്ള ഉത്തരവിന്റെ പകർപ്പും അനുബന്ധമായി ചേർത്തിട്ടുണ്ടു്. (Appendix II)

TEXT BOOK COMMITTEE—RECOMMENDATIONS OF—DETAILS REGARDING

460. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) ഫ ഫ ഫ-ലെ രണ്ടാമത്തെ ടെക്സ്ട്ബുക്കു കമ്മിറ്റി യോഗത്തിൽ ഇംഗ്ലീഷു ടെക്സ്റ്റു്, ഇംഗ്ലീഷു നോണ്ടീടേയിൽസു്, മലയാളം നോൺഡീടെയിൽസു് പുസ്തകങ്ങൾ, ഇവയല്ലാത്ത മറ്റു പുസ്തകങ്ങളുടെ കാര്യമൊന്നും ആലോചിക്കപ്പെടുകയില്ലെന്നു ടെക്സ്റ്റു ബുക്കു കമ്മിറ്റി സിക്രട്ടറി പ്രസിദ്ധീകരണ ശാലക്കാർക്കു് എഴുതി അയച്ചിട്ടുണ്ടോ;

(ബി) അതനുസരിച്ചാണോ ടെക്സ്റ്റു ബുക്കു കമ്മിറ്റിയോഗത്തിൽ നടപടിയുണ്ടായതു്;

(സി) എ-യിൽ പറഞ്ഞിട്ടുള്ളതല്ലാത്ത മറ്റു വല്ല പുസ്തകങ്ങളും കമ്മിറ്റി പാസ്സാക്കുകയോ പ്രിസ്ക്രൈബു ചെയ്യുവാൻ ഗവണ്മെണ്ടിനോടു ശുപാർശ ചെയ്യുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആ പുസ്തകങ്ങൾ ഏതെല്ലാമാണു്; അതിനുള്ള പ്രത്യേക കാരണമെന്തു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി, സി & ഡി) എ-യിലെ ഉത്തരംകൊണ്ടു ബി, സി & ഡി-ക്കു് ഉത്തരം ആവശ്യമില്ല.

FARM-HOUSE—ACQUISITION OF

461. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) പാലക്കാടു താലൂക്കു തേങ്കുറിശ്ശി അംശക്കാരനായ കടുങ്ങോത്തു രാമസ്വാമി മകൻ രാമൻ എന്നാളുടെ വക തത്തമംഗലം മുനിസിപ്പൽ അതൃത്തിക്കകത്തുള്ള കളം ഏതെങ്കിലും ആവശ്യത്തിലേക്കു മുനിസിപ്പാലിറ്റിക്കോ, ഗവണ്മെണ്ടിനോ അക്വയർ ചെയ്യാൻ ഇപ്പോൾ വല്ല നടപടിയും ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താവശ്യത്തിലേക്കാണു;

(സി) ടിയാന്റെ കൃഷി നടത്തുന്നതിനു് ആ സ്ഥലത്തു വേറെ ഒരു കളം ഉണ്ടാക്കുന്നതിനു് അയാൾക്കു് സൌകര്യമായ സ്ഥലം സ്വന്തമായി വേറെയുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഗവണ്മെണ്ടിനോ മുനിസിപ്പാലിറ്റിക്കോ ആവശ്യമായ സ്ഥലം വേറെയില്ലേ;

(ഇ) ടി രാമന്റെ വക ഈ വസ്തുക്കൾ രാമന്റെ കൈവശം വരുന്നതിനു മുൻപു് ആരുടെ വകയായിരുന്നു?

റാവുസാഹിബു് കെ. അയ്യപ്പൻ:

(എ) പ്രസ്തുത സ്ഥലം അക്വയർ ചെയ്യുവാൻ ഗവണ്മെണ്ടു തീരുമാനിച്ചിട്ടില്ല.

(ബി) (സി) & (ഡി) ഉത്തരം ആവശ്യമില്ല.

(ഇ) തത്തമംഗലത്തു പാറക്കാട്ടെ വീട്ടിലെയായിരുന്നു.

FOOD PRODUCTION COMMITTEE'S SCHEME—SUBMISSION OF

462. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) ശ്രീമാൻ കോമാട്ടിൽ അച്യുതമേനോന്റെ അദ്ധ്യക്ഷതയിൽ ഉണ്ടായ ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റി ഫ ഫ ഫ ൭ കക്കടകം ഫ ൪-ാംനു ഗവണ്മെണ്ടിനു അടുക്കൽ ഒ

LIBRARY ARCHIVES Kerala Legislative Assembly

Page 1